# പതിമൂന്നാം കേരളനിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3922 — 15.12.2014 ന് മറുപടിയ്ക്ക്.

### വനപരിപാലനത്തിനു നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെ ആവശ്യങ്ങൾ

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
|---|---|
| (എ) വനപരിപാലനത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് തോക്കുൾപ്പെടെയുള്ള യാതൊരു ആയുധങ്ങളും നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) വനം കൊള്ളക്കാരുടേയും, മാഫിയകളുടേയും വനം കൊള്ള അവസാനിപ്പിക്കുവാൻ ശക്തമായ സജ്ജീകരണങ്ങളും നടപടികളും അനിവാര്യമാണെന്നിരിക്കേ, വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിനും കൃത്യനിർവ്വഹണം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും ആവശ്യമായ ആയുധങ്ങളും വാഹനങ്ങളും ഉടനടി അനുവദിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ബി) നിലവിൽ 496 വിവിധ തരം തോക്കുകൾ വനം വകുപ്പിൽ ലഭ്യമാണ്. ഈ വർഷവും പുതിയതായി തോക്കുകളും വെടിയുണ്ടകളും വാങ്ങുവാൻ നടപടി എടുത്തിട്ടുണ്ട്. നിലവിൽ എല്ലാ സ്റ്റേഷനുകളിലേയ്ക്കും വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. പുതിയ സ്റ്റേഷനുകളിലേയ്ക്കും, കേടുവന്ന വാഹനങ്ങൾ മാറ്റാനും നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) ശ്രമകരവും ജീവൻ പണയപ്പെടുത്തി-യുള്ളതുമായ വന സംരക്ഷണ പ്രവർത്തി-കളിൽ ഏർപ്പെടുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നല്കുന്ന വളരെ തുച്ഛമായ റിസ്ക് അലവൻസ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശ പ്രകാരം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവൂ. |
| (ഡി) വനമേഖലയിൽ വ്യാജമദ്യ വാറ്റ്, വനമേഖലയിലെ റോഡുകളിൽ പുകവലി എന്നിവ കാര്യക്ഷമമായി പ്രതിരോധിക്കു-ന്നതിന് വനം വകുപ്പിലെ ഫോറസ്റ്റർ മുതലുള്ള ഉദ്യോഗസ്ഥർക്ക് അധികാരം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) വനമേഖലയിലുള്ള വ്യാജവാറ്റ് തടയാൻ നിലവിലുള്ള അധികാരങ്ങൾ മതിയാവുന്നതാണ്. കാട്ടുതീയ്ക്ക് കാരണങ്ങളാകുന്ന നടപടികൾക്കെതിരെ കേസുകൾ എടുക്കുവാൻ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ